The Legends



ടി.ടി. വറീത് B.A.B.T.

തോട്ടാപ്പിള്ളി

- 26.07.1915 - ൽ ജനനം
- 1936 - ൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും **ബി.എ.** ഡിഗ്രി ലഭിച്ചു. കാരൂരിലേയും പ്രാന്ത പ്രദേശങ്ങളിലെയും **ബി.എ.** ഡിഗ്രി കരസ്ഥമാക്കുന്ന ആദ്യ വ്യക്തി. ഇതിനൊരംഗീകാരമെന്നോണം **ബി.എ. കാരൻ മാഷ്** എന്ന അപരനാമത്താൽ പരക്കെ അറിയപ്പെട്ടിരുന്നു.
- ആളൂർ രാജർഷി മെമ്മോറിയൽ ഹൈസ്ക്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്ററായി 1942 - ൽ നിയമിതനായി. പിന്നീട് 25 വർഷത്തോളം മാനേജർ സ്ഥാനവും കൂടി വഹിച്ചു.
- കൊമ്പോടി - ചാലക്കുടി റോഡിന്റെ സാക്ഷാൽകരണത്തിന്റെയും ദ്രുതഗതിയിലെ കാരൂർ വൈദ്യുതീവൽകരണത്തിന്റെയും അമരക്കാരൻ.
- ബോംബെ ദിവ്യകാരുണ്യ കോൺഗ്രസിൽ പ്രതിനിധിയായി സംബന്ധിച്ചു.
- ജോൺ പോൾ രണ്ടാമൻ പാപ്പയിൽ നിന്ന് തനിയ്ക്കും കുടുംബത്തിനും ആശിർവാദങ്ങൾ നേർന്ന് കൊണ്ടുള്ള സാക്ഷി പത്രം ലഭിച്ചു.
- തോട്ടാപ്പിള്ളി ഫാമിലി അസോസിയേഷന്റെ ആദ്യ പ്രസിഡന്റ്.
- കേരള ടൈംസ് ദിനപത്രത്തിൽ പ്രശംസ റിപ്പോർട്ട്
- 2005 ഡിസംബർ 6 നു 91 - ാം വയസ്സിൽ മരണം.




കേരള ടൈംസ്

1160 ചിങ്ങം 25 തിങ്കൾ

പി. എം. അബ്ദുൾസലാം മാതൃകാവിദ്യാലയം-15

രാജർഷി മെമ്മോറിയൽ ഹൈസ്കൂൾ ആളൂർ



DR. GEORGE THOTTAPPILLY

An internationnally well known scientist



A plant virologist/biotechnologist, is now the Professor and Dean of Studies, Biotechnology at Sahrdaya College of Engineering and Technology, Kodakara, India. He has got more than 40 years of experience in virology/ biotechnology in India, Germany, USA, UK and Nigeria as well as in various African countries. He has been in research management for the past several years and has traveled at the invitation of various governments to over 50 countries in connection with his research as well as for presenting papers at International conferences. He has trained a large number of virologists/ biotechnologists from Africa during his 20 years of career at the International Institute of Tropical Agriculture(IITA), Ibadan, Nigeria.

Born in Karoor, Kerala State, India; B.Sc(Agri) from Kerala University in 1962; Postgraduate studies at Goettingen University, Germany (1963-64); Ph.D from Giessen University, Germany in 1968 ; D.Sc from Slovak Academy of Sciences, Slovakia, 1995. Worked as a Scientific Assistant and Scientific Co-worker, University of Giessen from 1966-1969; Post-doctoral fellowships of the German Research Council, Germany, 1969-70 and National Research Council of Canada, Ottawa, Canada,1971-73. Postdoctoral Research Associate,1970-71 and Research Scientist, 1973-78, Michigan State University, East Lansing, USA.

Senior Virologist, International Institute of Tropical Agriculture, Ibadan, Nigeria, 1978-89 and Head, Biotechnology Research Unit, 1990-98. Executive Director, Mahyco Research Foundation, Hyderabad, India, January 1999- December 2004. During a 15 months sabbatical leave from IITA in 1992-93, Dr. Thottappilly spent 6 months at Scottish Crops Research Institute (SCRI), Invergowrie, Scotland; 6 months at Auburn University, Auburn, USA and three months at the University of Illinois, Urbana, USA.

Awards: Passed 1st year B.Sc(Agri) examination with third rank in the University, second year examination with first rank and final year examination with second rank in the University. Passed M.Sc (Agri) examination with Excellent grades and first in Goettingen University (Germany). Best Doctoral student award, College of Agriculture, University of Giessen, Germany, 1968. This resulted in getting him a certificate of honour and total refund of fees paid by him to the University.

Honorary Senior Research Fellow, University of Ibadan, Nigeria, conferred by the Academic Executive Committee of the University of Ibadan, Nigeria in recognition of various contributions to the growth and development of research in agricultural production in Africa. Traditional Chieftaincy title: Installed as first Jagun Agbe (Warrior of farmers) of Ikereland, Nigeria, 1996, for contributions in virology and to the development of Agriculture through the application of biotechnology.

Fellow, Indian Phytopathological Society, 1975; Fellow, National Academy of Sciences, India, 1978; Fellow, Institute of Biology, UK, 1994; Fellow, Indian Virological Society, India, 1997; Fellow, Third World Academy of Sciences, Trieste, Italy, 1997; Fellow, Nigeria Institute of Biology, 1998; Member, 13 other scientific societies.

Other awards include first in Trichur Dist for extempore speech in a competition conducted in 1957 at the district level. George stood first in catechism in a competition conducted by Trichur diocese in 1957. He won various prizes in extempore and elocution speeches

in Malayalam, English and Hindi while he was a student of R.M.H.S. Aloor.

Dr. Thottappilly has authored more than 140 research publications, 110 conference papers, 20 book chapters and 30 popular articles. He is the co-editor of a book on biotechnology and recently co-authored a book on virology with the title " Virus and virus-like diseases of major crops in developing countries". In 2007, Springer publishing company in the Netherlands published a book on " Agricultural Research Management" which is edited by Professor Gad Loebenstein of Israel and George Thottappilly. Right now the same editors are working on a new book on " Sweet potato".

While working at the International Institute of Tropical Agriculture, Ibadan, Nigeria, he has guided over 200 M.Sc and 30 Ph.D students from all over Africa, the Netherlands, USA, Egypt, Canada etc . Today many of them are holding senior positions such as professors at various Universities and Governments. Dr. Thottappilly initiated a Virology network in Africa whereby various virologists in Africa collaborated with him and interacted with each other. He has rich experience in research management. Many professors and scientists from all over the world used to come to him for specialized training. He has organized many international conferences. Over 100 junior scientists have undergone non-degree related training.

Dr. Thottappilly is a member of the Academic Council of Sahrdaya College of Engineering and Technology, Kodakara. He serves in the editorial board of several journals. Recently, he was awarded the Third World Academy of Sciences (TWAS) Research Professor for the years 2006-2011.

International Biographical Institutes in UK and USA have been listing George in their prestigious publications such as " Who is who in the world", "Outstanding personalities in the world", "2000 outstanding scientists", "Directory of international biography" etc. Inclusion in their publications is based on research by a team of scientists and their recommendation to the Board. It is based on merit alone and after the Board's approval, detailed biography of the person is published in their books.



ശ്രീ ടി.പി. ജോർജ്ജ്

തിരമാലയിൽനിന്നും വൈദ്യുതി നിർമ്മിക്കുന്ന സാങ്കേതികവിദ്യ കണ്ട് പിടിച്ചതിനും പുതിയതരം ടോയ്ലറ്റ് ഫ്ളഷ്ന്റെ സാങ്കേതിക വിദ്യ വികസിപ്പിച്ചതിനും പുതിയതരം വാഷിംഗ് മെഷീനിന്റെ സാങ്കേതികവിദ്യ വികസിപ്പിച്ചതിനും ശ്രീ. ടി.പി. ജോർജ്ജിന് ലഭിച്ച പാറ്റന്റിന്റെ സർട്ടിഫിക്കറ്റുകളിൽ ഒന്നിന്റെ കോപ്പി താഴെ കൊടുത്തിരിക്കുന്നു.

ശ്രീ ടി.പി ജോർജ്ജ് L.L.B യും ഡബിൾ M.A. യും നേടിയിട്ടുണ്ട് സുപ്രീം കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് വി. ആർ. കൃഷ്ണ അയ്യരുടെ ജൂനിയറായും അഭിഭാഷകനായ് പ്രാക്റ്റീസ് ചെയ്തിട്ടുണ്ട്. പിന്നീട് കൊച്ചിൻ കോളേജിൽ പ്രൊഫസറായി ജോലിചെയ്യുമ്പോഴാണ് മേൽപറഞ്ഞ പേറ്റന്റുകൾ നേടിയത് .

GOVERNMENT OF INDIA
THE PATENT OFFICE

A № 007252

No. 138668 of 26 - 2 - 19 75

WHEREAS Thottappilly Porinchu George, of Thottappilly House, XV/307, Statue Junction, Nazareth, Cochin-2, Kerala, India, Indian National,

has/~~have~~ declared that he is/~~they are~~ in possession of an invention for a device for generating power from sea waves

and that he is/~~they are~~ the true and first inventor(s) thereof (~~or the legal representative(s) or assignee(s) of the true and first inventor thereof~~) and that he is/~~they are~~ entitled to a patent for the said invention, having regard to the provisions of the Patents Act, 1970 and that there is no objection to the grant of a patent to him/~~them~~ ;

And whereas he has/they have by an application requested that a patent may be granted to him/~~them~~ for the said invention ;

And whereas he has/~~they have~~ by and in his/~~their~~ complete specification particularly described and ascertained the nature of the said invention and the manner in which the same is to be performed ;

Now these presents that the abovesaid applicant(s) (including his/~~their~~ legal representative(s) and assignee(s) or any of them) shall, subject to the provisions of the Patents Act, 1970 and the conditions specified in section 47 of the said Act, and to the conditions and provisions specified by any other law for the time being in force, have the exclusive privilege of making, using, exercising, selling or distributing his device for generating power from sea waves

~~in India/using or exercising~~ .....

..... in India, for a term of fourteen years from the twentysixth day of February 19 75 , and of authorising any other person to do so, subject to the conditions that the validity of this patent is not guaranteed and that the fees prescribed for the continuance of this patent are duly paid.

In witness whereof, the Controller has caused this patent to be sealed as of the twentysixth day of February 1975 .

Controller of Patents


7th August, 1976/16 Srvn 1898 (Saka)



ശ്രീ. ടി.പി. ജേക്കബ്ബ്

ജനനം 14-1-1929, 1950ൽ ബി.എ.പാസായി അതേ വർഷം മദ്രാസ് ഗവൺമെന്റ് സർവീസിൽ സബ് ഇൻസ്പെക്ടറായി. വെല്ലൂർ പോലീസ് ട്രെയിനിങ്ങ് കോളേജ്, കൽക്കത്ത സെൻട്രൽ ഡിറ്റക്ടീവ് ട്രെയിനിങ്ങ് കോളേജ്, മദ്രാസ് സ്പെഷൽ ബ്രാഞ്ച് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ന്യൂഡൽഹി സി. ബി.ഐ ട്രെയിനിങ്ങ് കോളേജ് എന്നി മഹാ സ്ഥാപനങ്ങളിൽ ട്രെയിനിങ്ങുകൾ പാസായിട്ടുണ്ട്. മദ്രാസ് സ്റ്റേറ്റിൽ (ഇപ്പോഴത്തെ തമിഴ്നാട്ടിൽ) പല പ്രധാന പോലീസ് സ്റ്റേഷനുകളിലും പ്രമാദമായ പല കേസുകളും സ്തുത്യർഹമായി കൈകാര്യം ചെയ്തിട്ടുണ്ട്. ദീർഘകാലം സി.ബി.ഐ യിൽ സർക്കിൾ ഇൻസ്പെക്ടറായും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായും കേരളം ആസ്ഥാനമായി പ്രവർത്തിച്ചു. കൂടാതെ, പോലീസ് സൂപ്രണ്ടിന്റെ റാങ്കിൽ റബർബോർഡിലും കാർഡമം ബോർഡിലും ഒരേ സമയം ഇന്ത്യയിൽ ആകമാനം പ്രവർത്തിക്കുന്ന മൂവായിരത്തിൽപരം ഉദ്യോഗസ്ഥരുടെ മേൽ അധികാരമുള്ള ചീഫ് വിജിലൻസ് ഓഫീസറായി ആറ് വർഷം ജോലി ചെയ്തു. 31-1-1987ൽ റിട്ടയർ ചെയ്തു. സ്തുത്യർഹസേവനത്തിന് മദ്രാസ്സ് സ്റ്റേറ്റ് ഗവൺമെന്റും കേന്ദ്രഗവൺമെന്റും പലപ്പോഴായി ആകെ 152 പാരിതോഷികങ്ങൾ ജേക്കബിന് കൊടുത്തിട്ടുണ്ട്. ഇവയിൽ മിക്കവയും ക്യാഷ് അവാർഡുകളും ഗുഡ് സർവീസ് എൻട്രികളും ആയിരുന്നു. 1975ലെ റിപ്പബ്ലിക് ദിനത്തിൽ ദേശീയ ബഹുമതിയായ പ്രെസിഡന്റ്സ് പോലീസ് മെഡൽ ഫോർ മെറിറ്റോറിയസ് സർവീസും നല്കപ്പെട്ടു. റിട്ടയർമെന്റിനുശേഷം ഏകപുത്രനായ റോയിയുടെ വേർപാടുവരെ മറൈൻ ഏക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി, സ്പൈസസ്ബോർഡ്, കോളത്തിലെ ജനറൽ ഇൻഷൂറൻസ് കമ്പനികൾ എന്നിവയിലെ അച്ചടക്കനടപടികളിൽ പ്രീസൈഡിങ്ങ് ഓഫീസറായി പ്രവർത്തിച്ചു.

ഭാര്യ ലില്ലി ജേക്കബ്(ആലുക്കൽ ഹൗസ്, ഇരിങ്ങാലക്കുട) മക്കൾ-ടി.ജെ.താര വൈഫ് ഓഫ് പ്രൊഫസർ കെ.ജെ.വർഗീസ്, കരിമുണ്ടക്കൽ ഹൗസ്, തളിപ്പറമ്പ്.




ശ്രീ. ടി.സി. തോമസ്

കാരൂർ സെന്റ് മേരീസ് യു.പി. സ്ക്കൂളിൽ അദ്ധ്യാപകനായി 1963ൽ ജോലി ലഭിച്ചു. 1992ൽ പ്രധാന അദ്ധ്യാപകനായി. 1993ൽ മാള സബ്ജില്ലയിലെ ബെസ്റ്റ് സ്ക്കൂളിനുള്ള ട്രോഫി ഈ സ്ക്കൂളിന് ലഭിക്കുകയുണ്ടായി. 1995ൽ 32 വർഷത്തെ സേവനം പൂർത്തിയാക്കി പ്രധാന അദ്ധ്യാപകനായി വിരമിച്ചു, 28 വർഷം മതാദ്ധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. കാരൂർപള്ളിയുടെ കീഴിലുള്ള ഫ്രൻസിസ്കൻ ആത്മായസഭയുടെ നേതൃത്വത്തിൽ 1970ൽ വിവാഹസഹായനിക്ഷേപ പദ്ധതി ആരംഭിച്ചപ്പോൾ അതിന്റെ പ്രസിഡണ്ടായി 2005 വരെ പ്രവർത്തിച്ചു. ലഘുനിക്ഷേപ പദ്ധതിയിലും ഭക്തസംഘടനയിലും സാമൂഹ്യപ്രവർത്തനം ഇപ്പോഴും ചെയ്തുപോരുന്നു.



25 വർഷത്തെ പ്രേഷിത പവർത്തനത്തിന് മാർപ്പാപ്പയിൽ നിന്നും ലഭിച്ച താമ്രപത്രം



ശ്രീ. ടി.ടി. ആന്റു

കർണ്ണാടക ഇലക്ട്രിസിറ്റി ബോർഡിൽ സേവനമനുഷ്ഠിച്ച ശേഷം ബാങ്കിൽ ജോലി കിട്ടിയെങ്കിലും അത് രാജിവച്ചു. കാരൂർ പള്ളിസ്കൂൾ അദ്ധ്യാപകനായി ചേർന്ന് പ്രധാന അദ്ധ്യാപകനായി വിരമിച്ചു. ഇതോടൊപ്പം നീണ്ടകാലം പ്രേഷിതപ്രവർത്തനവും ഭക്തസംഘടനാ പ്രവർത്തനവും സാമൂഹ്യ പ്രവർത്തനവും ചെയ്തു പോരുന്നു.



25 വർഷത്തെ പ്രേഷിത പവർത്തനത്തിന് മാർപ്പാപ്പയിൽ നിന്നും ലഭിച്ച താമ്രപത്രം



50 വർഷത്തെ പ്രേഷിത പവർത്തനത്തിന് മാർപ്പാപ്പയിൽ നിന്നും ലഭിച്ച താമ്രപത്രം



Er ടി.വി. തോമാസ്, B.Sc (Engg), MIE, FIV.

തോട്ടാപിള്ളി

1942-ാം ആണ്ട് നവംബർ മാസം 19ന് ജനനം. ജനിച്ച് 14-ാം ദിവസം അമ്മ മരിയംകുട്ടി മരണപ്പെട്ടു. ശൈശവ കാലം അമ്മൂമ്മ കുഞ്ഞാളിച്ചിയുടെ സംരക്ഷണയിൽ വളർന്നു. സ്ക്കൂൾ വിദ്യാഭ്യാസകാലത്ത് പഠനത്തിൽ മികവ് പുലർത്തി എല്ലാ ക്ലാസുകളിലും Proficiency Prize ന് അർഹനായിട്ടുണ്ട്. ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കവെ നാഷ്ണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിന്റെ പ്രചരണാർത്ഥം ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിൽ നടത്തപ്പെട്ട Inter-School പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി മാള NES Block - ന്റെ പരിധിയിൽപ്പെട്ട ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട നിമിഷ പ്രസംഗ മത്സരത്തിലും ഒന്നാം സ്ഥാനം നേടി. SSLC-യ്ക്ക് പഠിക്കുമ്പോൾ ആളൂർ RMHSൽ School Leader ആയി തെരെഞ്ഞെടുക്കപ്പെട്ടു.

വിദ്യാർത്ഥി നേതാവെന്ന നിലയിൽ പ്രസിദ്ധമായ ഒരണ സമരത്തിൽ അറസ്റ്റ് വരിച്ച് ജയിൽ വാസമനുഭവിച്ചു.

കാരൂർ പ്രദേശത്ത് നിന്നും തോട്ടാപിള്ളി കുടുംബത്തിൽ നിന്നും എൻഞ്ചിനീയറിംഗ് ബിരുദം കേരള യൂണിവേഴ്സിറ്റിയിൽനിന്നും കരസ്ഥമാക്കുന്ന ആദ്യ വ്യക്തിയാണ്. പാലക്കാട് N.S.S College of Engg.- ൽ നിന്ന് എൻജിനീയറംഗ് വിദ്യാഭ്യാസം പൂർത്തീകരിച്ചു. ഔദ്യോഗിക ജീവിതത്തിൽ 12 വർഷത്തോളം ബോംബെയിലും ശേഷം കാലഘട്ടം കേരളത്തിലെ പ്രശസ്ത പൊതുമേഖല സ്ഥാപനമായ SILK Ltd.-ലും സേവനം അനുഷ്ഠിച്ചു. ബോംബെയിലെ പ്രസിദ്ധമായ AMFORGE Ltd.-ൽ സേവനം ചെയ്തുകൊണ്ടിരിക്കുമ്പോൾ Best Maneger അവാർഡിന് അർഹനായി. യൂറോപ്പിലെ ജർമ്മനി, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ വ്യവസായ പരിശീലന പദ്ധതികളുമായി ബന്ധപ്പെട്ട് സന്ദർശം നടത്തുകയുണ്ടായി. 1998- അവസാനം Chief Prject Maneger ആയി സർവ്വീസിൽനിന്നും വിരമിച്ചു.

ഇപ്പോൾ തൃശൂരിൽ Chartered Engineer & Valuer ആയി സ്വന്തം നിലയിൽ സേവനം തുടരുന്നു.




T.K. Jose

Dr. T.K. Jose joined the Kerala Veterinary College, Mannuthy, Trichur from its inception in 1955 and graduated in 1959. He joined the Veterinary college after completing his Intermediate from Sacred Heart College, Thevara. Immediately after graduation, he joined the State Department of Animal Husbandry, Kerala. After serving the department for nearly 8 years at various locations in Kerala, he joined the INDO-SWISS PROJECT, Mattuppatty on deputation and later opted to that service. He served the Indo-Swiss project for 26 years. The project became an autonomous body in the year 1976- Kerala Livestock Development Board with the head office at Trivandrum. He worked in various capacities and became the Managing Director of the Organization in 1990. His term expired in 1992, but the Government extended his tenure for another 2 years considering his meritorious service. He was also a Board member of Kerala Livestock Development Board for the period from 1995 till June 2008.

During the service, Dr. Jose was deputed for advanced training in Switzerland and England for nearly one year in 1971. Jose traveled again in 1984 to attend an international seminar on cattle breeding held at Edinbourg, Scotland and visited Switzerland for 4 weeks.

After retirement from Government service in 1994, Dr. Jose was given a special assignment by the Government and appointed as Special Officer to establish a state cattle feed factory at Kallettumkara. After completing the preliminaries for establishing a cattle feed plant, Dr. Jose was appointed as the Managing Director of Kerala Feeds Ltd.- a new Government company registered for the purpose. During this period, Dr. Jose was deputed to Holland and Switzerland to study the status of feed plants and allied subjects. He could complete the project in a record time in 1998 and commenced the plant with a production capacity of 500 tonnes per day.

He continued as the Managing Director till end of March 1999. For the next two years, he continued as one of the Directors of the company. Jose received several awards and honours including the BEST VETENARIAN in the state.



T.J.Roy (Late)
28-6-1966 - 31-8-1989
അപ്പൻ T.P.Jacob, അമ്മ ലില്ലി

സ്ക്കൂളിൽ പഠിക്കുമ്പോൾ ബാസ്ക്കറ്റ് ബോളിലും ഫുട്ബോളിലും വോളിബോളിലും ഷട്ടിൽ ബാഡ്മിന്റണിലും ധാരാളം സമ്മാനങ്ങൾ റോയിക്ക് കിട്ടിയിട്ടുണ്ട്. പ്രീഡിഗ്രിക്കും ബികോമിനും പഠിക്കുമ്പോൾ യൂണിവേഴ്സിറ്റി ബാസ്കറ്റ്ബാൾ പ്ലെയർ ആയിരുന്നു. റോയി ലീഡർ ആയ ടീമിന് 1988 ൽ യൂണിവേഴ്സിറ്റി ഗ്രൂപ്പ് ഡാൻസ് കോമ്പറ്റീഷനിൽ ഒന്നാം സമ്മാനം കിട്ടി, ഗ്രൂപ്പ് മ്യൂസിക്കിന് രണ്ടാം സമ്മാനവും. ബികോം ഫസ്റ്റ് ക്ലാസ്സോടെ പാസായവർഷം തന്നെ ടൈപ്പ്റൈറ്റിങ്ങ് ഹയറും ഇൻഷുറൻസ് ലൈസൻഷിയേറ്റ് പരീക്ഷയും ചെറിയൊരു കമ്പ്യൂട്ടർ കോഴ്സും കഴിഞ്ഞ ഉടനെ 1988ൽ ത്തന്നെ യൂണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയിൽ ഡെവലപ്മെന്റ് ഓഫീസറായി ജോലി തുടങ്ങി. ആലുവായിൽ ജോലി ചെയ്തുവരുമ്പോൾ 31–8–1989ൽ മോട്ടോർ സൈക്കിൾ ആക്സിഡന്റിൽ വിട പറഞ്ഞു. ഇംഗ്ലീഷിലും മലയാളത്തിലും നല്ല പ്രാസംഗികനും സഹപാഠികൾക്കും സഹപ്രവർത്തകർക്കും ഇടപാടുകാർക്കും പ്രിയങ്കരനുമായിരുന്ന റോയിയുടെ ഓർമ്മക്കായി സ്ഥാപിച്ചിരിക്കുന്ന റോയ് മെമ്മോറിയൽ ഷട്ടിൽ ബാഡ്മിന്റൻ ടൂർണമെന്റിൽ എല്ലാ കൊല്ലവും കേരള സ്റ്റേറ്റ് & യൂണിവേഴ്സിറ്റി പ്ലെയേഴ്സിൽ പലരും അടക്കമുള്ളവർ പങ്കെടുക്കുന്നുണ്ട്.



CAPTAIN
TP JAISON THOMAS
(INDIAN NAVY)
M.PHIL, MBA, M.SC (APPL;PSY),
MDPA, LLB, B.SC

GROUP COMMANDER
NCC GROUP HEADQUARTERS
ERNAKULAM (PRESENT APPOINTMENT)

DIRECTOR PERSONNEL SERVICES,
INTEGRATED HEADQUARTERS
MIN OF DEF (NAVY), NEW DELHI

CHIEF SECURITY, VIGILANCE & FIRE OFFICER

AND

COMMANDING OFFICER DSC TROOPS
NAVAL DOCKYARD, MUMBAI
(PREVIOUS TWO APPOINTMENTS)



Dr. Siju Thottappilly

Son of Late Dr. T.K. Thomas and
Gracy Thomas
Married Jini, Blessed with 2 Sons
Fabius and Felix

Homeopathic Doctor Practicing at
THOTTAPPILLY HOMOEPATHIC CENTRE,
South Chalakudy

Honoured by “North Anamala Felloship” for the remarkable achievements & contributions to the Society

Zone President of junior Chamber International in 2007

Out standing Zone President of
JCI India in 2007

Winner of “Ravipuraskar” award
for the Best Softskill Trainer in JCI



Er. T.I. Shajan

A Rank Holder in Enginering

from

IIT Madras

Presently Engaged in Reserch

in

enhancing the Speed & Altitude

of

Fighter AirCraftts

for

Indian Miltary Services

At

Difence Reserch & Develepment Organisation

(DRDO)

Bangaloor



Adv. Clemance Thottappilly

Included in the Selection List Published in 2008
By the Kerala High Court for appointment of District Judge

Vice Chairman, Holy Grace Academy Of Management Studies, (MBA College) Mala,

Vice Chairman, Holy Grace Academy (CBSE School), Mala,

Director, Holy Grace Foundation, Mala,

Director, Social Forum, Diocese of Irinjalakuda,

Member, Mercy Trust, Diocese of Irinjalakuda,

Member, Board of management committee, St. James Hospital, Chalakudy,

Member Dhana Simha Kuries and Loans Pvt. Ltd.,

Chairman, Global Investment Solutions, Chalakudy,

Zone Chairman (2006-07), Lions Clubs International, District 324 E-2

District Chairman (2007-08) Lions Clubs International, District 324 E-2

Executive Committee Member Y.M.C.A Chalakudy

And

Legal Advisor for various institutions such as

Hindusthan Liver, The New India Assurance Company Ltd, Plantation Corporation of Kerala, K.S.R.T.C, Athirappilly Grama Panchayath, BPL cellular limited, Kerala State Housing Board Allotters Association, Chalakudy, Pynadath Financial Corporation, Chalakudy, Thomson Enterprises, Chalakudy, Pace Financial Solutions, Chalakudy, Helpline financiers, Chalakudy, Chalakudy Auto Credits, Chalakudy, Eluvathingal Marketing Chalakudy, Apollo Marketing Chalakudy, Lucky Hire purchase Pvt. Ltd, Irinjalakuda, Fraternal Credits and Financial Services Pvt. Ltd, Irinjalakuda, Premier Kuries And Loans Pvt. Ltd., Thrissur. Nithya Kuries And Loans Pvt. Ltd., Thrissur. Ukkens kuries Pvt.Ltd., Vellankallur, Tenstar Kuries, Pullur, Dhanya Traders, Parapuram, Deepam Enterprises, Kuzhoor, Thuluvath Constructions, Bangaloore, A.P.Constructions, Chalakudy, Modern Fertilizers, Karoor, Shabari Chemicals, Kombodinjamakkel, Adithya Garments, Ashtamichira, Etc.





മാസ്റ്റർ എഡ്വിൻ ക്ലമൻസ്

മാള ഹോളി ഗ്രേയ്സ് അക്കാദമിയിലെ 1-ാം ക്ലാസ്സ് വിദ്യാർത്ഥിയായ ഈ 6വയസ്സുകാരൻ ബാലന് 2006, 2007, 2008, 2009 വർഷങ്ങളിലെ കലണ്ടർ മനപ്പാഠമാണ്. പ്രസ്തുത വർഷങ്ങളിലെ ഞായറാഴ്ചകൾ തിങ്കളാഴ്ചകൾ മുതലായവ ഏത് തീയ്യതികളിലാണ് എന്ന് പറയുന്നതിനുള്ള കഴിവ് ഈ ബാലൻ സ്വായത്തമാക്കിയിട്ടുണ്ട്. അഡ്വക്കേറ്റ് ക്ലമൻസ് തോട്ടാപ്പിള്ളിയുടെ മകനാണ് എഡ്വിൻ ക്ലമൻസ്



കലണ്ടർ എഡ്വിന് കാണാപാഠം

തൃശൂർ: ആറു വയസുകാരൻ എഡ്വിൻ ക്ലമന്റിന്റെ കലണ്ടർ പരിജ്ഞാനം വിസ്മയമാകുന്നു. 2006 മുതൽ 2009 വരെയുള്ള വർഷങ്ങളിലെ ഏതു തീയതി പറഞ്ഞാലും ആഴ്ചയേതെന്ന് എഡ്വിൻ പറയും. ഈ വർഷങ്ങളിലെ ഏതെങ്കിലും ഒരു മാസത്തെ ഞായറാഴ്ചകൾ പറയാൻ പറഞ്ഞാലും എഡ്വിന് ഉത്തരം റെഡി.

ഏതു മാസത്തെ ഏതു ആഴ്ചയും തീയതിയും കൃത്യമായി എഡ്വിൻ പറയും. ഓരോ മാസത്തെ ആദ്യ തിങ്കൾ, ഞായർ, വെള്ളി എങ്ങനെ ചോദിച്ചാലും എ

എഡ്വിൻ ക്ലമന്റ്

ഡ്വിൻ ഉത്തരം പറയും. ഇനി ഈ ബാലനെ കുഴയ്ക്കാനൊരുച്ച് 2005 ഫെബ്രുവരി 29 ഏതാഴ്ചയാണെന്നോ മറ്റോ ചോദിച്ചാൽ 2005 അധിവർഷമല്ലെന്ന കൃത്യമായ മറുപടി പിന്നാലെ വരും.

ചാലക്കുടിയിലെ അഭിഭാഷകൻ ക്ലമന്റ് തോട്ടപ്പിള്ളിയുടെയും അധ്യാപിക സിജിയുടെയും മകനാണ് മാള ഹോളി ഗ്രേസ് അക്കാദമിയിലെ ഒന്നാം ക്ലാസ് വിദ്യാർഥി എഡ്വിൻ ക്ലമന്റ്.

സഹോദരി ഐറിൻ കലണ്ടർ പഠിക്കുന്നതു കണ്ടാണ് എഡ്വിനും ഒപ്പം ചേർന്നത്. കലണ്ടറിനോടു പ്രത്യേക താൽപര്യം പ്രകടിപ്പിച്ചു തുടങ്ങിയ കുട്ടി കുടുംബാംഗങ്ങളുടെ മുൻ വർഷങ്ങളിലെയും വരുംവർഷങ്ങളിലെയും ജന്മദിനവും ആഴ്ചയുമെല്ലാം കൃത്യമായി പറയാൻ തുടങ്ങിയതോടെയാണ് മകന്റെ കഴിവ് മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെട്ടത്.



തോട്ടാപ്പിള്ളി ഫാമിലി അസോസിയേഷൻ കാരൂർ

നിയമാവലി

1. പേര്

ഈ സംഘടനയുടെ പേര് തോട്ടാപ്പിള്ളി ഫാമിലി അസോസിയേഷൻ അഥവാ തോട്ടാപ്പിള്ളി കുടുംബയോഗംഎന്നായിരിക്കും.

2. രജിസ്ട്രേഡ് ഓഫീസ്

ഈ സംഘത്തിന്റെ രജിസ്ട്രേഡ് ഓഫീസ് തൃശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്ക്, താഴേക്കാട് വില്ലേജിൽ ആളൂർ പഞ്ചായത്തിൽ 7-ാം വാർഡിൽ 488-ാം നമ്പർ കെട്ടിടത്തിലായിരിക്കും.

3. അംഗത്വപരിധി

കേരള സുറിയാനി കത്തോലിക്കരായ അമ്പൂക്കൻ ഫാമിലിയിൽ നിന്നും കാരൂർ വന്ന് തോട്ടാപ്പിള്ളി പ്പറമ്പ് വാങ്ങി ഇവിടെ താമസമാക്കിയ തോട്ടാപ്പിള്ളി കുടുംബക്കാരുടെ പിൻതുടർച്ചക്കാരുടെ വംശാവലിയിൽപെട്ടവർ മാത്രം അസോസിയേഷന്റെ അംഗത്വപരിധിയിൽപ്പെടുന്നു.

4. ഉദ്ദേശ്യലക്ഷ്യങ്ങൾ

a. കുടുംബാംഗങ്ങൾ തമ്മിൽ അടുത്തറിയുക, പരസ്പരസ്നേഹവും സൗഹൃദവും പുലർത്തുക, പരസ്പരാഭിവൃദ്ധിക്കുവേണ്ടി യോജിച്ചു പ്രവർത്തിക്കുക എന്നതാണ് അസോസിയേഷന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം.

b. സാമ്പത്തിക സ്ലേശം അനുഭവിക്കുന്നവർക്കുവേണ്ടിസഹായം ചെയ്യുക.

c. അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പഠനത്തിൽ പ്രോത്സാഹനം നൽകുക.

d. സമൂഹത്തിൽ ഉന്നത നേട്ടങ്ങൾ കൈവരിക്കുന്ന അംഗങ്ങളെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

e. ഉയർന്ന മാർക്കുകൾ കരസ്ഥമാക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

f. പൗരോഹിത്യത്തെയും സന്യാസത്തെയും പ്രോത്സാഹിപ്പിക്കുക

g. അസോസിയേഷന്റെ പ്രശസ്തിയും സൽപ്പേരും ഉയർത്താൻ ഉതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രസിദ്ധീകരണങ്ങൾ ഇറക്കുകയും ചെയ്യുക.

h. സമൂഹത്തിൽ മറ്റുള്ളവരുമായി സഹകരിച്ചും സഹായിച്ചും ക്രൈസ്തവസാക്ഷ്യം വഹിക്കുക

5. രക്ഷാധികാരികൾ

തറവാട്ടിലെ വൈദികരായ Rev.Father John, Rev.Fr.Ignatious, Rev.Fr.Jose എന്നിവർക്കു പുറമെ Sri. T.T.Poulose, Sri.T.C.Inasu, എന്നിവർ ഈ യോഗത്തിന്റെ രക്ഷാധികാര സമിതിയിൽ അംഗങ്ങളായിരിക്കും.

6. അസോസിയേഷന്റെ അധികാരപരിധി

അസോസിയേഷന്റെ ഉദ്ധേശ്യ ലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിന് താഴെ പറയുന്ന അധികാരാവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

a. വരിസംഖ്യ, ഗ്രാന്റ്, അംഗങ്ങളിൽ നിന്നോ മറ്റോ വ്യക്തികൾ, സ്താപനങ്ങളിൽനിന്നോ സംഭാവന തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ അസ്സോസിയേഷന് ആവശ്യമായ പ്രവർത്തന ഫണ്ട് സമാഹരിക്കുക.

b. ഭൂമി, സ്ഥാവരജംഗമ വസ്തുക്കൾ തുടങ്ങിയ സംഭാവനകൾ സ്വീകരിക്കുക

c. അസോസിയേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൽ സഫലീകരിക്കുന്നതിന് നിയമവിധേയമായ എല്ലാ പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനുള്ള അധികാരങ്ങൽ അസോസിയോഷനുണ്ടായിരിക്കുന്നതാണ്.

7. അംഗത്വം

a. കേരള സുറിയാനി കത്തോലിക്കരായ അമ്പൂക്കൻ കുടുംബത്തിൽ നിന്നും കാരൂർ വന്ന് തോട്ടാപ്പിള്ളിപ്പറമ്പ് വാങ്ങി കാരൂർ സ്ഥിരതാമസമാക്കിയ തോട്ടാപ്പിള്ളി കുടുംബക്കാരുടെ പിൻതുടർച്ചക്കാരുടെ വംശാവലിയിൽപ്പെട്ടവർ മാത്രം ആയിരിക്കും. ഈ യോഗത്തിലെ അംഗങ്ങൾ. അംഗത്വം ജന്മനാൽ സിദ്ധിക്കുന്നതും സ്ത്രീകൾ വിവാഹം കഴിച്ച് മറ്റു കുടുംബങ്ങളിലേക്ക് പോകുന്നതോടുകൂടി അംഗങ്ങൾ അല്ലാതായിരിത്തീരുന്നതും കുടുംബങ്ങളിലേക്ക് വിവാഹം ചെയ്തുകൊണ്ടുവരുന്ന സ്ത്രീകൾ വിവാഹത്തോടുകൂടി യോഗത്തിലെ അംഗങ്ങളായിത്തീരുന്നതുമാണ്.

b. അംഗങ്ങളെ വിവാഹിതരായ ഓരോ പുരുഷനും ഭാര്യയും മക്കളും ചേർന്നുള്ള ഓരോ കുടുംബയൂണിറ്റുകളായി തിരിച്ചിട്ടുള്ളതാകുന്നു. എന്നാൽ ഒരു യൂണിറ്റിൽ ഒരു വ്യക്തിമാത്രം ജീവിച്ചിരിക്കുന്ന സാഹചര്യത്തിൽ ആ വ്യക്തി മറ്റൊരു ഫാമിലി യൂണീറ്റിലെ അംഗമായി ചേരുകയൊ അല്ലെങ്കിൽ ആ വ്യക്തിക്ക് മാത്രമായി ഒരു ഫാമിലി യൂണീറ്റായി തുടരുകയോ ചെയ്യാവുന്നതാണ്.

c. മേൽപറഞ്ഞ എ.ബി ഖണ്ഡികകൾക്ക് വിധേയമായി ഓരോ വർഷവും പൊതുയോഗം / ഗെറ്റ് ടുഗതർ മീറ്റിംഗ് നടത്തുന്ന തീയ്യതി വരെ രൂപം കൊണ്ടിട്ടുള്ള ഓരോ ഫാമിലി യൂണീറ്റും ആയിരം രൂപ അംഗത്വ ഫീസായി നൽകേണ്ടതാണ്. അംഗത്വഫീസ് അടച്ച ഫാമിലി യൂണീറ്റുകൾക്ക് മാത്രമേ പൂർണ്ണമായ അധികാരാവകാശങ്ങൾോ ഉണ്ടായിരിക്കുകയൊള്ളൂ. അംഗത്വഫീസായി സ്വരൂപിക്കുന്ന പണം കാലാകാലങ്ങളിൽ കമ്മിറ്റി അംഗീകരിക്കുന്ന ബാങ്കുകളിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കേണ്ടതാണ്. ഈ നിക്ഷേപതുക (ഫിക്സഡ് ഡെപ്പോസിറ്റ്) പിൻവലിക്കാൻ പാടുള്ളതല്ല. ഫിക്സഡ് ഡെപ്പോസിറ്റ് അകൗണ്ടിൽ നിന്നും സംഖ്യ പിൻവലിക്കേണ്ടഅനിവാര്യമായ സാഹചര്യം സംജാതമായാൽ ജനറൽ ബോഡി നിശ്ചയിക്കുന്ന സംഖ്യ പിൻവലിക്കാവുന്നതാണ്. അസോസിയേഷന്റെ ദൈംനദിന ചെലവുകളും വാർഷിക ജനറൽ ബോഡി / ഗെറ്റ് ടുഗതർ ചെലവുകളും ഫിക്സഡ് ഡെപ്പോസിറ്റിന്മേൽ ലഭിക്കുന്ന പലിശയും ഈ ആവശ്യങ്ങൾക്കായി ലഭിക്കുന്ന സംഭാവനകളും കൊണ്ട് നിർവ്വഹിക്കേണ്ടതാണ്.

d. അംഗങ്ങളുടെ പേരും പൂർണ്ണവിലാസവും അംഗത്വ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

e. അംഗത്വത്തെപ്പറ്റി സംശയം ജനിക്കുകയോ തർക്കം ഉണ്ടാവുകയോ ചെയ്താൽ കാര്യനിർവ്വഹണക്കമ്മിറ്റി തീർപ്പാക്കുന്നതാണ്.

f. 18 വയസ്സ് പൂർത്തിയായ അംഗങ്ങൾക്കുമാത്രമേ പൊതുയോഗത്തിൽ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളൂ.

8. പ്രവർത്തനഫണ്ട്

a. വാർഷികവരിസംഖ്യ, സർക്കാർ,അർദ്ധസർക്കാർ, സാമൂഹ്യസംഘടനകൾ എന്നിവയിൽ നിന്നുള്ള ഗ്രാന്റുകൾ, അംഗങ്ങളിൽനിന്നുള്ള സംഭാവനകൾ എന്നിവ ചേർന്നതാണ് യോഗത്തിന്റെ പ്രവർത്തനഫണ്ട്.

b. ഫണ്ട് യോഗതീരുമാനങ്ങൾക്കു വിധേയമായി സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാപിക്കുന്നതിന് വേണ്ട വിധത്തിൽ കമ്മിറ്റി വിനിയോഗിക്കേണ്ടതാകുന്നു.

9. പൊതുയോഗം

a. 18 വയസ്സ് തികഞ്ഞ യോഗ്യരായ അംഗങ്ങളുടെ യോഗത്തെ പൊതുയോഗം എന്നു പറയുന്നു. കുടുംബയോഗത്തിന്റെ പരമാധികാരം പൊതുയോഗത്തിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

b. എല്ലാവർഷവും മാർച്ച് /ഏപ്രിൽ / മെയ് മാസത്തിൽ എല്ലാ അംഗങ്ങളേയും ഉൾക്കൊള്ളിച്ച് ഒരു സമ്പൂർണ്ണ പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാണ്. പൊതുയോഗത്തിന്റെ നോട്ടിസ് 15 ദിവസം മുമ്പെങ്കിലും കുടുംബയൂണിറ്റുകൾക്ക് കിട്ടത്തക്കവിധത്തിൽ അയച്ചിരിക്കേണ്ടതാണ്.

c. നോട്ടീസിൽ യോഗം നടക്കുന്ന സ്ഥലം, സമയം, തിയതി, അജണ്ട എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

d. അടുത്ത വർഷത്തേക്കുള്ള 11 അംഗ കാര്യനിർവ്വാഹണ കമ്മറ്റിയെ പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കേണ്ടതാണ്.

e. വരും വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റ് പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കേണ്ടതാണ്.

f. നടപ്പുവർഷത്തെ റിപ്പോർട്ട്, ബാലൻസ്ഷീറ്റ് മുതലായവ പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്.

g. പൊതുയോഗത്തിന്റെ കോറം മൊത്തം അർഹരായ അംഗങ്ങളുടെ 1/3 ഭാഗമായിരിക്കും.

i. നിയമാവലിയുടെ ഭേദഗതിയും കാര്യനിർവ്വഹണ കമ്മിറ്റിയിന്മേലോ ഭാരവാഹികളിന്മേലോ ഉള്ള അവിശ്വാസപ്രമേയവും ഹാജരുള്ള അംഗങ്ങളുടെ 2/3 ഭാഗം ഭൂരിപക്ഷത്തോടു കൂടിയും മറ്റുവിഷയങ്ങൾ കേവല ഭൂരിപക്ഷത്തോടെയും തീരുമാനിക്കപ്പെടേണ്ടതും വോട്ടുകൾ തുല്യമായി വരുന്ന പക്ഷം അദ്ധ്യക്ഷന്റെകാസ്റ്റിംഗ് വോട്ടോടുകൂടിയും തീർപ്പാക്കേണ്ടതുമാണ്.

j. പൊതുയോഗത്തിൽ ഉന്നയിക്കണ്ട ഭോദഗതികൾ, പ്രമേയങ്ങൾ, ചോദ്യങ്ങൾ എന്നിവ മൂന്നു ദിവസം മുമ്പെ കീഴ്സെക്രട്ടറിക്ക് രേഖാമൂലം നല്കിയിരിക്കേണ്ടതാണ്. എന്നാൽ അദ്ധ്യക്ഷന്റെ അനുമതിയോടുകൂടിമുൻകൂർ സമർപ്പിക്കാത്ത ചോദ്യങ്ങളും പ്രമേയങ്ങളും പൊതുയോഗത്തിൽ അവതരിപ്പിക്കാവുന്നതാണ്.

k. ഈ നിയമാവലിയിൽ പ്രത്യേകം അധികാരപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങളിൽ തിരുമാനമെടുക്കുന്നതിന് പൊതുയോഗത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

k. വാർഷികപൊതുയോഗത്തിനുപുറമെ കമ്മിറ്റിക്ക് യുക്തമെന്നു തോന്നുന്നപക്ഷം അസാധാരണ പൊതുയോഗം വിളിച്ചുകൂട്ടാവുന്നതാണ്. എന്നാൽ 30 ൽ കുറയാത്ത കുടുംബനാഥന്മാർ രേഖാമൂലം ആവശ്യപ്പെട്ടാൽ പ്രസിഡണ്ടോ സെക്രട്ടറിയൊ എല്ലാ കുടുംബയൂണിറ്റുകൾക്കും നോട്ടീസു നല്കി ഒരു അസാധാരണ പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാണ്. അപ്രകാരം പ്രവർത്തിക്കാത്തപക്ഷം ആ 30 പേർക്ക് നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഒരു പൊതുയോഗം വിളിച്ചുകൂട്ടാവുന്നതും അതിൽ എടുക്കുന്ന തീരുമാനങ്ങൾ സാധുവായിരിക്കുന്നതുമാണ്.

m. ഭരണസമിതിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള ഓഡിറ്ററെ പൊതുയോഗം നിയമിക്കേണ്ടതാണ്.

n. വർഷമെന്നാൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള സാമ്പത്തിക വർഷമായിരിക്കും.

കാര്യനിർവ്വഹണകമ്മിറ്റി

a. കുടുംബയോഗത്തിന്റെ ദൈനംദിന പ്രവർത്തനവും ഭരണവും നിയന്ത്രണവും കാര്യനിർവ്വഹണകമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

b. പൊതുയോഗം തെരഞ്ഞെടുക്കുന്നതും ചുരുങ്ങിയത് 3 വനിതകളും അവിവാഹിതനായ ഉൾപ്പെടുന്നതുമായ 11 അംഗ കമ്മിറ്റിയാണ് കുടുംബയോഗത്തിന്റെ കാര്യനിർവ്വഹണ കമ്മിറ്റി

c. ഈ കമ്മിറ്റിയുടെ കാലാവുധി ഒരു വർഷമായിരിക്കും. എന്നാൽ ഏതെങ്കിലും കാരണവശാൽ പുതിയ കമ്മറ്റിയെ തെരഞ്ഞെടുക്കുവാൻ സാധിക്കാതെ വന്നാൽ പുതിയ കമ്മറ്റിയെ തെരഞ്ഞെടുക്കുന്നത് വരെ നിലവിലുള്ള കമ്മറ്റിക്ക് തിടരാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 1/2 വർഷത്തിൽ കൂടുതൽ ഒരേ കമ്മറ്റി തുടർന്ന് പോകുവാൻ പാടുള്ളതല്ല.

d. പുതിയ കമ്മിറ്റിയെ തെരഞ്ഞെടുത്താൽ 2 ആഴ്ചക്കകം കമ്മിറ്റിയോഗം ചേർന്ന് കമ്മിറ്റിയിൽ നിന്നും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്.

e. ഏതെങ്കിലും കമ്മിറ്റി അംഗത്തിന് തൽസ്ഥാനത്ത് തുടരുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ കമ്മിറ്റിക്ക് ഒരംഗത്തെ നോമിനേറ്റ് ചെയ്യാവുന്നതും ആ കമ്മിറ്റിയംഗത്തിന് നിലവിലുള്ള കമ്മിറ്റിയുടെ കാലാവധി വരെ മാത്രം തുടരാവുന്നതുമാണ്.

f. കുടുംബയോഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിവരുന്ന ചെലവുകൾ ചെയ്യുന്നതിനും ജോലിക്കാരെ നിയമിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പിരിച്ചുവിടുന്നതിനും ഉള്ള അധികാരം കമ്മിറ്റിക്കായിരിക്കും.

g. ഏതെങ്കിലും ഡിപ്പാർട്ടുമെന്റുകളിലൊ,കോടതികളിലൊ ഏർപ്പെടേണ്ടിവന്നാൽ യുക്തമായ നടപടി സ്വീകരിക്കുന്നതിനും ആയതിന് പറ്റിയ വിദഗ്ദരെ ഏർപ്പെടുത്തുന്നതിനും ചുമതലപ്പെടുത്തുന്നതിനും ഉള്ള അധികാരം കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

h. കമ്മിറ്റിയോഗങ്ങൾ ഇടയ്ക്കിടെ ചേരേണ്ടതും 2 മാസത്തിൽ ഒരിക്കലെങ്കിലും നിർബന്ധമായും കൂടിയിരിക്കേണ്ടതുമാണ്.

i. കമ്മിറ്റിയോഗത്തിന്റെ കോറം 6 ആയിരിക്കും

j. തുടർച്ചയായി 3 തവണ മുടങ്ങുന്ന കമ്മിറ്റിയംഗത്തിന് തൽസ്ഥാനത്ത് തുടരുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ പ്രത്യേകസാഹചര്യത്തിൽ കമ്മിറ്റിയിൽ തുടരുവാൻ അനുവദിക്കുന്നതിന് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

k. കമ്മിറ്റിയോഗത്തിന്റെ നോട്ടീസ് തിയതിയും സ്ഥലവും സമയവും അജണ്ടയും രേഖപ്പെടുത്തി 3 ദിവസം മുമ്പെങ്കിലും ഓരോ കമ്മിറ്റിയംഗത്തിനും സെക്രട്ടറി രേഖാമൂലം നല്കിയിരിക്കേണ്ടതാണ്.

l. കമ്മിറ്റിക്ക് ഏതെങ്കിലും പ്രത്യേക കാര്യങ്ങൾക്ക് ഏതെങ്കിലും അംഗത്തെ നിയോഗിക്കാവുന്നതാണ്.

m. യോഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പൊതുയോഗതീരുമാനങ്ങൾക്കും വിധേയമായി ഭരണനിർവ്വഹണം നടത്തുകയും ധനാഗമമാർഗ്ഗം കണ്ടെത്തുകയും ആവശ്യമായ സ്ഥാവരജംഗമവസ്തുക്കൾ ആർജ്ജിക്കുകയും വ്യാപരിക്കുകയും ചെയ്യേണ്ടത് കാര്യനിർവ്വഹണ കമ്മിറ്റിയാണ്.

n. വാർഷികപൊതുയോഗത്തിനുള്ള അജണ്ടയും അതിലവതരിപ്പിക്കേണ്ട റിപ്പോർട്ട്, ബാലൻസ്ഷീറ്റ്

ബഡ്ജറ്റ് എന്നിവയും തൊട്ടുമുമ്പുള്ള കമ്മിറ്റിയോഗത്തിൽ ചർച്ച ചെയ്ത് തയ്യാറാക്കേണ്ടതാണ്.

o. കമ്മിറ്റിയുടെ നടപടികൾ ഹാജരുള്ള അംഗങ്ങളുടെ കേവല ഭൂരിപക്ഷപ്രകാരം തീരുമാനിക്കേണ്ടതും വോട്ടുകൾ തുല്യമായി വന്നാൽ അദ്ധ്യക്ഷന് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്താവുന്നതുമാണ്

p. പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും അഭാവത്തിലുള്ള കമ്മിറ്റിയോഗത്തിലേക്കോ പൊതുയോഗത്തിലേക്കോ ഉള്ള അദ്ധ്യക്ഷനെ തെരഞ്ഞെടുക്കേണ്ടത് കമ്മിറ്റിയാണ്.

q. ഒരു യൂണിറ്റിൽ നിന്നും ഒന്നിൽ കൂടുതൽ അംഗങ്ങൾ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ പാടുള്ളതല്ല.

II ഭാരവാഹികളുടെ അധികാരങ്ങളും ചുമതലകളും

1. പ്രസിഡന്റ്

a. കമ്മിറ്റിയോഗത്തിലും പൊതുയോഗത്തിലും അദ്ധ്യക്ഷത വഹിക്കേണ്ടത് പ്രസിഡന്റായിരിക്കും

b. പ്രത്യേകം ചുമതലപ്പെടുത്തിയിട്ടില്ലാത്ത എല്ലാ കാര്യങ്ങളിലും കുടുംബയോഗത്തെ പ്രതിനിധീകരിക്കുന്നത് പ്രസിഡന്റായിരിക്കും

c. കുടുംബയോഗഭരണത്തിന്റെ പൊതുവായ മേൽനോട്ടവും നിയന്ത്രണവും പ്രസിഡന്റിൽ നിക്ഷിപ്തമാണ്.

d. ക്രമപ്രകാരം സെക്രട്ടറി പൊതുയോഗമോ കമ്മിറ്റിയോഗമോ വിളിച്ചുകൂട്ടാത്ത സാഹചര്യത്തിൽ ആയതു വിളിച്ചുകൂട്ടുന്നതിന് പ്രസിഡന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

2. വൈസ് പ്രസിഡന്റ്

a. യോഗത്തിന്റെ പൊതുവായ പ്രവർത്തനങ്ങളിൽ പ്രസിഡന്റിനെ സഹായിക്കുക എന്നതിനുപുറമെ പ്രസിഡണ്ടിന്റെ അഭാവത്തിൽ പ്രസിഡണ്ടിന്റെ എല്ലാ ചുമതലകളും നിർവ്വഹിക്കുക എന്നത് വൈസ്പ്രസിഡന്റിന്റെ ഉത്തരവാദിത്വമാകുന്നു.

3. സെക്രട്ടറി

a. യോഗം വകസ്ഥാവര ജംഗമവസ്തുക്കളുടേയും റെക്കാഡുകളുടെയും സൂക്ഷിപ്പുകാരൻ സെക്രട്ടറിയായിരിക്കും.

b. യോഗത്തിനുവേണ്ടി കത്തിടപാടുകൾ നടത്തേണ്ടത് സെക്രട്ടറിയാണ്.

c. കമ്മിറ്റിയോഗവും പൊതുയോഗവും എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കേണ്ട ചുമതല സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നു.

d. യോഗങ്ങളുടെ മിനിട്സ് തയ്യാറാക്കൽ, അജണ്ട തയ്യാറാക്കൽ, പ്രസിഡന്റുമായി ആലോചിച്ച് യോഗം വിളിച്ചുകൂട്ടൽ എന്നിവയും യഥാകാലങ്ങളിൽ പൊതുയോഗങ്ങളും കമ്മറ്റികളും വിളിച്ചു കൂട്ടേണ്ടതും സെക്രട്ടറിയാണ്.

4. ജോയിന്റ് സെക്രട്ടറി

യോഗത്തിന്റെ പൊതുവായ പ്രവർത്തനങ്ങളിൽ സെക്രട്ടറിയെ സഹായിക്കുക എന്നതിനുപുറമെ സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറിയുടെ എല്ലാ ചുമതലകളും നിർവ്വഹിക്കുക എന്നത് ജോയിന്റ് സെക്രട്ടറിയുടെ ചുമതലയാകുന്നു.

5. കമ്മിറ്റി മെമ്പർമാർ

a. കമ്മറ്റി അംഗങ്ങൾ എല്ലാ യോഗങ്ങളിലും കൃത്യസമയത്ത് ഹാജരാകേണ്ടതും ദൈനംദിന ഭരണകാര്യങ്ങളിൽ വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽക്കേണ്ടതും ഭരണകാര്യങ്ങളിൽ ന്യൂനതകൾ കണ്ടാൽ ആവശ്യമായ നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കേണ്ടതും കമ്മിറ്റിയോ പൊതുയോഗമോ ഭാരപ്പെടുത്തുന്ന ചുമതലകൾ കൃത്യമായി നിർവ്വഹിക്കേണ്ടതും കമ്മിറ്റി മെമ്പർമാരുടെ ഉത്തരവാദിത്വമാണ്.

b. അഞ്ചോ അതിലധികമോ കമ്മിറ്റി മെമ്പർമാർ രേഖാമൂലം ആവശ്യപ്പെട്ടാൽ 8 ദിവസത്തിനകം കമ്മിറ്റിയോഗം വിളിച്ചുകൂട്ടേണ്ടതും അപ്രകാരം പ്രസിഡന്റോ സെക്രട്ടറിയോ യോഗം വിളിച്ചുകൂട്ടാത്തപക്ഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി ആയതു വിളിച്ചുകൂട്ടുന്നതിന് അഞ്ചോ അതിലധികമോ കമ്മിറ്റി മെമ്പർമാർക്ക് അധികാരമുണ്ടായിരിക്കുന്നതും ആ യോഗതീരുമാനങ്ങൾ സാധുവായിരിക്കുന്നതുമാണ്.

6. ട്രഷറർ

a. യോഗത്തിന്റെ വരിസംഖ്യയും മറ്റു വരവുകളും പിരിച്ചെടുക്കേണ്ടത് ട്രഷറർ ആണ്.

b. പണം സംബന്ധിച്ച സകല ഇടപാടുകളുടേയും ഉത്തരവാദിത്തം ട്രഷറർക്കായിരിക്കും.

c. യോഗത്തിന്റെ വരവുചെലവു കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും സെക്രട്ടറി ഒപ്പിട്ടുകൊടുക്കുന്ന വൗച്ചർ പ്രകാരം യോഗം ചെലവുകൾക്ക് പണം കൊടുക്കേണ്ടതും ട്രഷററുടെ ചുമതലയാണ്.

d. യോഗത്തിന്റെ ഔദ്യോഗിക രസീതുകൾ ഒപ്പിട്ടു കൊടുക്കേണ്ടത് ട്രഷററാണ്.

e. പൊതുയോഗം നിയമിച്ച ഓഡിറ്റർ ഓഡിറ്റ് ചെയ്ത കണക്കുകൾ പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടത് ട്രഷററാണ്.

12. ഓഡിറ്റർ

a. യോഗത്തിന്റെ വാർഷികവരവുചെലവു കണക്കുകൾ പരിശോധിച്ച് വിശദമായ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് ഓഡിറ്ററുടെ ചുമതലയാകുന്നു.

13. ബാങ്ക് എക്കൗണ്ട്

a. കുടുംബയോഗത്തിന്റെ ബാങ്ക് എക്കൗണ്ട് യോഗത്തിനുവേണ്ടി പ്രസിഡന്റ്, സെക്രട്ടറി, കാഷിയർ എന്നിങ്ങനെ മൂന്നുപേരുടെയും കൂടി പേരിൽ കമ്മിറ്റി നിശ്ചയിക്കുന്ന ബാങ്കുകളിൽ ആരംഭിക്കേണ്ടതാണ്.

b. പ്രസിഡണ്ട്, സെക്രട്ടറി എന്നിവരിൽ ആരെങ്കിലും ഒരാൾ ക്യാഷിയറോടുകൂടിചേർന്ന് ബാങ്ക് എക്കൗണ്ട് ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.

c. ട്രഷറർ 1000 രൂപയിൽ കൂടുതലുള്ള സംഖ്യ യാതൊരു കാരണവശാലും 15 ദിവസത്തിൽ കൂടുതൽ കൈവശം വയ്ക്കുവാൻ പാടില്ലാത്തതും ആയതു ബാങ്കിൽ നിക്ഷേപിക്കേണ്ടതുമാണ്.

14. പലവക

a. ഈ അസോസിയേഷനിലെ അംഗങ്ങൾ തമ്മിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടായി കോടതിയെ സമീപിക്കേണ്ട സാഹചര്യത്തിൽ കേസുകൊടുക്കുന്നതിന് മുമ്പായി ഭരണസമിതിയുടെ സമക്ഷം പരാതി ബോധിപ്പിക്കേണ്ടതും ഭരണസമിതി എടുക്കുന്ന തീരുമാനം തൃപ്തികരമല്ലെങ്കിൽ മാത്രം കോടതിയെ സമീപിക്കേണ്ടതുമാണ്.

b. സംഘത്തിന്റെ വാർഷിക പൊതുയോഗം ചേർന്ന് 14 ദിവസത്തിനുള്ളിൽ പുതിയ വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റ്, പൊതുയോഗം പാസ്സാക്കിയ വരവു ചെലവു കണക്ക്, ബാലൻസ് ഷീറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് എന്നിവ സെക്രട്ടറി രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

c. ഈ സംഘം പിരിച്ചുവിടേണ്ട സാഹചര്യം ഉണ്ടായാൽ കടബാദ്ധ്യതകൾ തീർത്തശേഷം അവശേഷിക്കുന്ന സ്വത്ത്, സമാന സ്വഭാവമുള്ളതും രജിസ്റ്റർ ചെയ്തതുമായ സംഘടനകളിലേക്കോ സർക്കാരിലേക്കോ ലയിപ്പിക്കേണ്ടതും യാതൊരു കാരണവശാലും അംഗങ്ങൾക്കിടയിൽ വീതിച്ചുകൊടുക്കാൻ പാടില്ലാത്തതുമാകുന്നു.

d. ഈ നിയമാവലിയിൽ വ്യക്തമായി പ്രതിപാദിക്കപ്പെടാത്ത കാര്യങ്ങളിൽ തിരുക്കൊച്ചിയിലെ 1955 ലെ 12-ാം ആക്ട് ആയ Literary Scientific and charitable Societies Registration Act ലെ വ്യവസ്ഥകൾ ഈ സംഘടനയ്ക്ക് ബാധകമായിരിക്കുന്നതും പ്രസ്തുത നിയമപ്രകാരം ഈ അസോസിയെഷൻ രജിസ്റ്റർ ചെയ്യപ്പടെണ്ടതുമാണ്.

1996ൽ ചേർന്ന സംഘടനയുടെ പൊതുയോഗത്തിൽ വച്ച് സർവ്വസമ്മതമായി അംഗീകരിച്ച നിയമാവലിയുടെ ശരിപ്പകർപ്പാണ് ഇതെന്ന് സാക്ഷ്യപ്പെടുത്തികൊള്ളുന്നു.